കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2004-05 – ഖണ്ഡിക 3.8 – ആഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 2864/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 22/11/2013

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 16/04/2013-ലെ എം3-10306/13 നമ്പർ കത്തും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27/09/2012-ലെ 5(2)-ാം നമ്പർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11/12/2012-ലെ 1(2) തീരുമാനവും

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17/10/2013-ലെ L.F.PT2/9383/2013 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8 പ്രകാരം റോക്കർ സ് പ്രേയർ വിതരണവുമായി ബന്ധപ്പെട്ട് 1,50,000/-രൂപ ചെലവഴിച്ചത് ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട കൊണ്ട് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 27/09/2012-ലെ 5(2)-ാം നമ്പർ തീരുമാനത്തിന്റെയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11/12/2012 തീയതിയിലെ 1(2)-ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയത് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നുള്ള വീഴ്ചയാണെങ്കിലും ജാതി, കൊക്കോ, ഏലം തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്ന ചെറുകിട സമാഹൃത കർഷകർ ഏറെയുള്ള പ്രദേശമായതു കൊണ്ടും റോക്കർ സ് പ്രേയർ വിതരണം സംബന്ധിച്ച് മറ്റ് അപാകതകൾ ഇല്ലായെന്നതിനാലും ഭരണസമിതിയുടെ അഭ്യർത്ഥന മാനിച്ച കൊണ്ടും ടി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2004-05

വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.8 പ്രകാരം നിരാകരിച്ച 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ